ലോക കേരള സഭ കേരള സർക്കാർ

# ലോക കേരള സഭ 2024

## നാലാം സമ്മേളനം

2024 ജൂൺ 14, 15

നിയമസഭാ മന്ദിരം, തിരുവനന്തപുരം

# Concept Note

## വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽ–കുടിയേറ്റ നിയമങ്ങളും മലയാളിപ്രവാസവും

പ്രവാസികൾ ഏറ്റവും കൂടുതൽ നേരിടുന്ന ഒരു വെല്ലുവിളി വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളിലും കുടിയേറ്റ നിയമങ്ങളിലും ഉള്ള അവ്യക്തതയാണ്. പ്രവാസ ജീവിതത്തിൽ തിക്താനുഭവം നേരിട്ട പലരും ഈ അവ്യക്തതയുടെ ഇരകൾ കൂടിയാണ്. തൊഴിൽ തേടിയുള്ള യാത്രയിൽ ഇമിഗ്രേഷൻ കൗണ്ടർ മുതൽ തുടങ്ങുന്ന നൂലാമാലകൾ പലപ്പോഴും പ്രവാസ ജീവിതം അവസാനിപ്പിച്ചു തിരികെ എക്സിറ്റ് സ്റ്റാമ്പ് ലഭിക്കുന്നത് വരെ തുടരും. ഭാഷാ പരിമിതിയാണ് പ്രധാന കടമ്പ. അവയെ അതിജീവിച്ചാലും നിയമങ്ങളെ സംബന്ധിച്ച കൃത്യമായ വിവരങ്ങളുടെ അഭാവം പ്രവാസികൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കാറുണ്ട്.

ഗൾഫിലെ തൊഴിലാളികൾ കഫാല സമ്പ്രദായത്തിൽ കഷ്ടതകൾ അനുഭവിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിലെ തൊഴിലാളികൾ പലപ്പോളും വംശീയ വിദ്വേഷത്തിനു ഇരയാവുന്നു. ഇതുപോലെ ഓരോ രാജ്യത്തിനും അവരുടേതായ രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ അനുസരിച്ച് പ്രവാസി നയം ഉണ്ട്. നവലിബറൽ നയങ്ങളാൽ ശക്തിയാർജിക്കുന്ന വലതുപക്ഷ രാഷ്ട്രീയം എന്നും കുടിയേറ്റത്തെ അപരവത്കരിക്കുന്നു, കുടിയേറ്റക്കാരെ വെറുക്കപ്പെട്ടവരായി ചിത്രീകരിക്കുന്നു. ഈ മനോഭാവം അവരുടെ പ്രവാസ നയങ്ങളിലും പ്രതിഫലിക്കുന്നു. ഇതുകൊണ്ട് തന്നെ ലോകം മുഴുവനും പടർന്നു കിടക്കുന്ന മലയാളികളുടെ കാര്യത്തിൽ സർക്കാരിന് ഒരൊറ്റ നയം എന്നത് ഒരു കടമ്പയാണ്.

മറ്റൊരു പ്രശ്നം കുടിയേറ്റത്തെ സംബന്ധിച്ച നിയമങ്ങളിൽ അടിക്കടി ഉണ്ടാകുന്ന മാറ്റങ്ങളാണ്. വലതുപക്ഷ രാഷ്ട്രീയ അതിപ്രസരം കാരണം അവയിൽ മിക്കതും പ്രവാസികൾക്ക് തിരിച്ചടിയാകുന്നവയാണ്. സ്വദേശിവൽക്കരണവും ഉയർന്ന നികുതികളും കർശന വിസ നിയന്ത്രണങ്ങളും ഗൾഫ് രാജ്യങ്ങളിലും പാശ്ചാത്യ രാജ്യങ്ങളിലും സർവ്വസാധാരണമാണ്. എന്നാൽ പ്രധാനമായും ഇത്തരം നിയമങ്ങളും നിയമഭേദഗതികളും പ്രവാസികൾ പലപ്പോഴും മനസിലാക്കാറുമില്ല. മാറി മാറി വരുന്ന നിയമങ്ങൾക്കനുസരിച്ച് നമ്മുടെ പ്രവാസികളെ സജ്ജരാക്കുവാൻ സ്ഥാപനപരമായി നമ്മൾ സജ്ജരാവേണ്ടതുണ്ട്. പ്രവാസികളുടെ നിത്യജീവിതത്തെ സംബന്ധിക്കുന്ന തൊഴിൽ-കുടിയേറ്റ നിയമങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളും സഭ ചർച്ചയ്ക്ക് വിധേയമാക്കുകയും ഇത്തരം വിഷയങ്ങൾ നിരന്തരമായി നിരീക്ഷിക്കേണ്ടതുമുണ്ട്. ലോക കേരള സഭ പോലെ ഒരു വൈവിധ്യമാർന്ന കൂട്ടായ്മയ്ക്ക് ഈ മേഖലയിൽ സംസ്ഥാന സർക്കാരിനെ എങ്ങനെ സഹായിക്കാം എന്നത് ചർച്ചയാകേണ്ടതുണ്ട്.